

ശ്രീരാജേഷ് ഫിലിംസ്
തെക്കൻ കാററ്
നിർമ്മാണം
R.S.പ്രഭു
സംവിധാനം
ശശികുമാർ

## കഥാസാരം:-

മത്തായിമാസ്റ്റർ പെൻഷ്യൻ പററിയ ഒരു ഡ്രായിംങ്ങ് മാസ്റ്ററാണു്. മാസ്റ്റർക്കു് വിവാഹപ്രായം തികഞ്ഞ പെൺസന്താനങ്ങളെ കൂടാതെ ബാബു മാത്രമെ മകനായിട്ടുണ്ടായിരുന്നുള്ളു. സൽസ്വഭാവിയായ ബാബു അച്ഛനേപ്പോലെ തന്നെ തികഞ്ഞ ഒരു കലാകാരനായിരുന്നു. പെയിൻറിംങ്ങ് കലയിൽ പ്രാവീണ്യം സിദ്ധിച്ച ബാബു ചിത്രങ്ങൾ വരച്ചു് അവ വിററുകിട്ടുന്ന സംഖ്യകൊണ്ടു് കുടുംബസംരക്ഷണത്തിൽ പിതാവിനെ കാര്യമായി സംരക്ഷിച്ചുപോന്നു.

ശോശാമ്മയും അന്നക്കുട്ടിയും കോളേജിൽ ഒന്നിച്ചു പഠിക്കുന്നവരാണു്. ധനാഢ്യനായ ചാക്കോ വക്കീലിൻെറ മകളാണ് ശോശാമ്മ. പക്ഷെ അന്നക്കുട്ടി പാവപ്പെട്ടവളാണു്; അവളുടെ അമ്മ ഒരു വിധവയുമാണു്. സഹപാഠികളായ ഈ രണ്ടു പെൺകുട്ടികളും ബാബുവിൻെറ ചിത്രരചനാപാടവത്തിൽ ആകൃഷ്ടരാണു്. ബാബുവിനെ തങ്ങളുടെ ജീവിതസഖാവായി ലഭിക്കുന്നതിനു് ഇരുവരും ആഗ്രഹിക്കുന്നു. പക്ഷെ ബാബുവിൻെറ വീക്ഷണഗതി നേരെ മറിച്ചായിരുന്നു. താനാരാണെന്നും തൻെറ ചുമലിൽ ഇരിക്കുന്ന കുടുംബസംരക്ഷണച്ചുമതലയുടെ ഭാരം എത്രമാത്രം വലുതാണെന്നും അവൻ ബോധവാനായിരുന്നു. അന്നക്കുട്ടിയിൽ നിഷ്കളങ്കയായ ഒരു കൊച്ചനുജത്തിയേയാണു് അവൻ കാണുവാൻ കഴിഞ്ഞതു്:

ശോശാമ്മ കൈയ്ക്കൊത്താൻ കഴിയാത്ത ദൂരത്തിലാണെങ്കിലും ബാബുവിൻെറ ഹൃദയത്തിൽ മൃദുലവികാരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ അവൾ വിജയിച്ചിരുന്നു.

പിതാവില്ലാത്ത സ്ഥിതിക്ക്, മകളെ എത്രയുംവേഗം കെട്ടിച്ചയക്കണമെന്ന് അന്നക്കുട്ടിയുടെ മാതാവിനു നിർബന്ധമുണ്ടായിരുന്നു. കല്യാണാലോചനകൾ പലതു വന്നിട്ടും അതിനൊന്നിനും അന്നക്കുട്ടി വഴങ്ങിയില്ല. വലിയ തോട്ടം ഉടമയായ സെബാസ്റ്റ്യൻെറ വിവാഹാലോചനയായിരുന്നു അന്നക്കുട്ടിക്ക് അവസാനമായി വന്നതു്. ഈ ബന്ധം എങ്ങനെയും നടത്തണമെന്ന് അന്നക്കുട്ടിയുടെ അമ്മക്ക് നിർബന്ധമുണ്ടായിരുന്നുവെങ്കിലും അന്നക്കുട്ടി അടുക്കുന്ന ലക്ഷണം കണ്ടില്ല. അവസാനം അന്നക്കുട്ടിയെ സമ്മതിപ്പിക്കേണ്ട ചുമതല അന്നക്കുട്ടിയുടെ മാതാവ് ബാബുവിനെ ഏല്പിച്ചു. തന്നെ വിവാഹം കഴിക്കുന്നതിനു് ബാബു തയ്യാറില്ലെങ്കിൽ, കന്യകാമഠത്തിൽ പോയി ശേഷിച്ച കാലം മുഴുവൻ പ്രാർത്ഥനയിലും സേവനത്തിലും കഴിച്ചുകൂട്ടാനാണു് താൻ ആഗ്രഹിക്കുന്നതെന്നു് അന്നക്കുട്ടി തീർത്തു പറഞ്ഞു.

"അന്നക്കുട്ടീ! നീ എന്തു് വിഡ്ഢിത്തമാണു് ഈ പറയുന്നതു ? പ്രേമനൈരാശ്യം വന്നവർക്ക് അഭയം തേടുന്നതിനുള്ള സങ്കേതമല്ല കന്യകാമഠം. കർത്താവിൻെറ മണവാട്ടി എന്നുള്ള സ്ഥാനം ദിവ്യമാണു്, പരിശുദ്ധമാണ്, നീ ആ സ്ഥാനത്തിനു് തികച്ചും അയോഗ്യയാണ്."

ശേഷം ഭാഗങ്ങൾ നേരിൽ കാണുക!

ശ്രീ രാജേഷ് ഫിലിംസ്

# "തെക്കൻകാററ്"

ഗാനം—1.

രചന: പി. ഭാസ്ക്കരൻ

പാടിയതു്: അടൂർഭാസി & കോറസ്

ചിയ്യാം......ചിയ്യാം......ചിന്ധിയാം
ചിയ്യാം .....ചിയ്യാം......ചിന്ധിയാം
നിയ്യേ ശരണം ഗോപാല
നെയ്യും പാലും നൈവേദ്യം
(ചിയ്യാം...)
അഞ്ചെഞ്ചര നാഴികനേരം ഇഞ്ചിഞ്ചായ്–
കുറുക്കിവെച്ച
പഞ്ചാരപ്പായസമേകീടാം ഗോപാല–
കൃഷ്ണാ–
നിൻ ചേവടി എന്നും സഹായം – ഗോ–
–പാലകൃഷ്ണാ–
നിൻ ചേവടി എന്നും സഹായം......
(ചിയ്യാം......)
തേൻകുളവും കദളിപ്പഴവും തേങ്ങാ–
ക്കൊത്താവോളവ്യമായ്
ഭംഗിയിലൊരു പഞ്ചാമൃതമാക്കാം–ശ്രീബാ–
–ലകൃഷ്ണാ–
സംഗതികൾ നന്നായ്പ്പാടീടാം
(ചിയ്യാം......)

അമ്പലമാം പുഴയിൽ വാഴും-തമ്പുരാൻ-
ഉണ്ണികൃഷ്ണാ
നമ്മുടെ ഗതി മേല്പോട്ടാകണം-കാർവ-
ർണ്ണ കണ്ണാ
ചിന്മയവും സന്മയവും നിയ്യേ.....മായാ-
മയവും
ചിന്മയവും ജഗന്മയവും നിയ്യേ......
(ചിയ്യാം......)

## ഗാനം-2.

രചന: പാടിയതു്:
പി. ഭാസ്ക്കരൻ പി. സുശീല

ഓർക്കുമ്പോൾ ചൊല്ലാൻ നാണം
ഇന്നലെ രാക്കിളിയും ഞാനും ഉറങ്ങി-
യില്ല
ഉറങ്ങിയില്ലാ, സഖീ ഉറങ്ങിയില്ലാ, ഉ-
റങ്ങിയില്ലാ
(ഓർക്കുമ്പോൾ......)

കണ്ണിണ പൊത്തുവാൻ
കവിളത്തു മുത്തുവാൻ
കന്നിനിലാവൊളി വന്നനേരം
അരുതെന്നു ചുണ്ടുകൾ വീണ്ടും വിലക്കി-
യിട്ടും
കരിവള പൊട്ടിച്ച കളിത്തോഴൻ
എന്റെ കരിവള പൊട്ടിച്ചു കളിത്തോ-
-ഴൻ
(ഓർക്കുമ്പോൾ......)

തങ്കമുകിൽ വന്നു ചുംബിച്ചു
മാനത്തെ കുങ്കുമപ്പൊട്ടങ്ങു മാഞ്ഞുപോ-
യി

പൂമുടിയഴിഞ്ഞിട്ടും പൂണാരം പൊട്ടി-
യിട്ടും
പൂമാരനപ്പോഴും ചിരിയല്ലൊ
വിണ്ണിൽ പൂമാരനപ്പോഴും ചിരിയല്ലൊ..
(ഓർക്കുമ്പോൾ.....)

ഗാനം-3.

രചന: പാടിയതു്:
പി. ഭാസ്കരൻ ജയചന്ദ്രൻ

നീലമേഘങ്ങൾ നീന്താനിറങ്ങിയ
വാനമാകും കളിപ്പൊയ്കക്കടവിൽ
ഏതോ സ്വപ്നത്തെത്താലോലിച്ചിരുന്ന
ചേതോഹരി...സായഹ്ന സുന്ദരീ......
(നീലമേഘങ്ങൾ......)
ഇന്ദ്രപുരിയിലെ മലർവനത്തിൽ - സഖീ
ഇന്നലെ മല്ലികപ്പൂ നുള്ളുമ്പോൾ
കാമുകനാരാനും വന്നുപോയോ-ആരും
കാണാതെയുള്ളിൽ കടന്നുപോയോ......
(നീലമേഘങ്ങൾ......)
പിന്നലഴിഞ്ഞ നിൻ മുടിച്ചുരുളിൽക്കാ-
ണും
സ്വർണ്ണമനോഹര മലർമുകുളം
ആരോ ചൂടിച്ച കൈതപ്പൂവോ-സഖീ
ആറാം വാവിലെ ച്ചന്ദ്രികയോ......
(നീലമേഘങ്ങൾ......)

ഗാനം4-.

രചന: പാടിയതു്:
പി. ഭാസ്കരൻ ബ്രഹ്മാനന്ദൻ

പ്രിയമുള്ളവളെ നിനക്കുവേണ്ടി

പിന്നെയും നവസ്വപ്നോപഹാരം
ഒരുക്കി......ഒരുക്കി......ഞാൻ
നിനക്കുവേണ്ടി മാത്രം...
(നിനക്കുവേണ്ടി മാത്രം......)
ശാരദപുഷ്പവനത്തിൽ വിരിഞ്ഞൊരു
ശതാവരീ മലർപോലെ
വിശ്രുതയായ് വിടർന്നു നീ–എന്റെ
വികാര രാജാങ്കണത്തിൽ
(പ്രിയമുള്ളവളെ......)
പാലൊളിച്ചന്ദ്രനും പാതിരാക്കാറ്റും
പതുങ്ങിനിൽപ്പൂ ചാരെ
ഹൃദയവും ഹൃദയവും തമ്മിൽ
പറയും കഥകൾ കേൾക്കാൻ
(പ്രിയമുള്ളവളെ......)

## ഗാനം—5.

രചന: പാടിയത്:
ഭരണിക്കാവ് ശിവകുമാർ യേശുദാസ്

യെഹോവ സൃഷ്ടിച്ച സുന്ദരി
പഞ്ചേന്ദ്രിയങ്ങളിലമൃതൊഴുക്കാൻ വന്ന
പൂർണ്ണ ചന്ദ്രമുഖീ – നിന്നെ
പുഷ്പശരംകൊണ്ടു പൊതിയട്ടെ–നിന്റെ
പൂവിതൾക്കുമ്പിൾ നിറയട്ടെ.........
വയനാടൻകുന്നിലെ മുളങ്കാട്ടിൽ
വായ്ക്കുരവനാദം മുഴങ്ങുമ്പോൾ
നിന്റെ പട്ടിളം പീലിപ്പൂ മെയ്യിലീ
സന്ധ്യാ സിന്ദൂരം ചാർത്തട്ടെ
മനസ്സുചോദിയ്ക്കാതെ മധുരംനേദിയ്ക്കാ-
തെ

മനസ്വിനീ നീന്നെ പുണരട്ടെ-ഞാൻ
പുണരട്ടെ......

ചാലരുവിപ്പൊന്നോളങ്ങൾ
ചേലക്കളിർപ്പുടവ ഞൊറിയുമ്പോൾ
നിൻെറ കുങ്കുമപ്പൂഞ്ഞൊടിയിണയിൽ
എൻെറ ദന്തക്ഷതം തീർക്കട്ടെ
മുഗ്ദ്ധമാം താരുണ്യച്ഛമയതലങ്ങളിൽ
മുത്തി മുത്തിയുറങ്ങട്ടെ-ഞാൻ
ഉറങ്ങട്ടെ......

## ഗാനം-6.

രചന: പാടിയത്:
പി. ഭാസ്കരൻ എസ്. ജാനകി

വരില്ലെന്നു ചൊല്ലുന്നവേദന
വരുമെന്നു ചൊല്ലുന്നു ചേതന
ഇണക്കുയിലേ - ഇണക്കുയിലേ
ഇനിയെന്നു കാണുന്നു നിന്നെ ഞാൻ
(വരില്ലെന്നു......)

ദിവസങ്ങൾ തള്ളുന്നു ദേഹം
നിമിഷങ്ങൾ എണ്ണുന്നു ഹൃദയം
ഒരുനോക്കു കാണുവാൻ ദാഹം
ഒരുമിച്ചിരിക്കുവാൻ മോഹം
(വരില്ലെന്നു......)

ക്രിസ്തുമസ്സു സുദിനങ്ങൾ വന്നു
കുരുത്തോല പെരുന്നാളും വന്നു
അവിടുന്നില്ലാത്ത ദിനങ്ങൾ
ഇരുട്ടിൽ മൂടിയ യുഗങ്ങൾ
വരില്ലെന്നു ചൊല്ലുന്നു വേദനാ
വരുമെന്നു ചൊല്ലുന്നു ചേതനാ......

## ഗാനം- 7.

രചന: പാടിയതു്:

പി. ഭാസ്കരൻ L. R. ഈശ്വരി

എൻ നോട്ടം കാണാൻ കാൽപ്പവൻ
ആട്ടം കാണാൻ അരപ്പവൻ
(എൻ നോട്ടം......)

മദനൻെറ നാട്ടുകാരി-മണിവീണപ്പാട്ടു-
കാരി
മദാലസ നാട്യക്കാരി-മധുരാംഗി ഞാൻ
പ്രേമവിവശർ നിങ്ങടെയുള്ളിൽ
താമസിയ്ക്കാൻ ഇടം വേണം
താമസിയ്ക്കാൻ ഇടം വേണം...
(എൻനോട്ടം......)

വിണ്ണിൻെറ മണ്ഡപമേറി മിന്നൽ-
കൊടിയാട്ടം പോലെ
കണ്ണിൻെറ കണ്ണുകൊണ്ടു കഥപറഞ്ഞു-
ഞാൻ
കാമദേവൻ പോററി വളർത്തി
കസ്തൂരിപ്പൊൻ മാനിവളെ
കസ്തൂരിപ്പൊൻ മാനിവളെ
(എൻ നോട്ടം......)

—**—

S. T. Printers, Ernakulam.

## നടീനടന്മാർ:-

മധു,
കൊട്ടാരക്കര
ജോസ് പ്രകാശ്
അടൂർഭാസി
S. P. പിള്ള
ശങ്കരാടി

ഉർവ്വശി ശാരദ
സുജാത
K. P. A. C. ലളിത
സുകുമാരി
അടൂർഭവാനി
മീന

രാജകോകില – Etc...

കഥ:— മുട്ടത്തുവർക്കി.

സംഭാഷണം:— തോപ്പിൽഭാസി.

ഗാനങ്ങൾ:— പി. ഭാസ്കരൻ.

സംഗീതം:— എ. ടി. ഉമ്മർ.

ക്യാമറ:— കൃഷ്ണൻകുട്ടി.

നിർമ്മാണം:— R. S. പ്രഭു.

സംവിധാനം:— ശശികുമാർ.


ശ്രീരാജേഷ് ഫിലിംസ്
തെക്കൻ കാററ്
a JOLY RELEASE
MADURAI PRINTING SYNDICATE-MADURAI